


# 1. പ്ലാവിലക്കഞ്ഞി



ശ്രീ തകഴി ശിവശങ്കരപ്പിള്ളയുടെ രണ്ടിടങ്ങഴി എന്ന നോവലിലെ പതിനേഴാം അദ്ധ്യായം. കോരൻ, ചിരുത, പുഷ്പവേലിൽ ഔസേപ്പ്, കോരന്റെ പിതാവ് എന്നിവർ പ്രധാന കഥാപാത്രങ്ങൾ. കുട്ടനാടൻ കർഷകരുടെ ജീവിത ദുരിതങ്ങളുടെ നേർക്കാഴ്ചയാണ് സ്വാതന്ത്ര്യത്തിനു മുൻപ് രചിക്കപ്പെട്ട ഈ കൃതി. പാഠഭാഗത്ത് കോരന്റെയും ചിരുതയുടെയും പട്ടിണിയും ജീവിത ദുരിതങ്ങളും വ്യക്തമാക്കുന്നു. സ്നേഹവും ത്യാഗവും കൊണ്ട് അവർ ജീവിതത്തെ പ്രകാശപൂർണമാക്കാൻ ശ്രമിക്കുന്നു.

**പ്രവർത്തനം 1**

ഒറ്റവാക്കിൽ/ വാക്യത്തിൽ ഉത്തരമെഴുതുക.

- 'ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത്' എഴുത്തുകാരൻ ഇത്തരത്തിൽ പരാമർശിക്കുന്നത് ആരെക്കുറിച്ചാണ്?
  - ❖ പുഷ്പവേലിൽ ഔസേപ്പ്
  - ❖ കോരന്റെ പിതാവ്
  - ❖ ചിരുത
- 'അവനുണ്ടാക്കിയ നെല്ല് മറ്റാരുടെയോ വകയായിരുന്നു' പരിഹാസവും നിസ്സഹായതയും നിറഞ്ഞ ഈ ചിന്ത ആരുടേതാണ് ?
  - ❖ കോരൻ
  - ❖ ചിരുത
  - ❖ കോരന്റെ പിതാവ്
- കോരന്റെ ജീവിതത്തിലെ സ്മരണീയ ദിവസമായി നോവലിസ്റ്റ് വിശേഷിപ്പിക്കുന്നത് ഏതാണ്?
  - ❖ നെല്ല് കൂലിയായി ചോദിച്ച ദിവസം
  - ❖ അപ്പന് വയറുനിറച്ച് കഞ്ഞിവച്ച് കൊടുത്ത ദിവസം
  - ❖ രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്താൻ ആലോചിച്ച ദിവസം
- നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്ന് പ്രതിഷേധിക്കാമെന്നു കരുതിയ കോരന്റെ മനസ്സിലേക്ക് വന്ന ചിന്തകൾ എന്തായിരുന്നു ?
- അത് 'കണ്ണ് തണുപ്പിക്കുന്ന' ഒരു കാഴ്ച തന്നെയായിരുന്നു.' ഏത്? അടിവരയിട്ടിരിക്കുന്ന പ്രയോഗത്തിന്റെ അർത്ഥം എന്ത് ?

- 'അവന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അന്നവൻ വീട്ടിക്കഴിഞ്ഞു.' വാക്യത്തിൽ പരാമർശിക്കുന്ന സംഭവം എന്ത്?

**പ്രവർത്തനം 2**

പട്ടിക പൂർത്തിയാക്കുക

| പ്ലാവിലക്കഞ്ഞി | പ്ലാവില+കഞ്ഞി |
|---|---|
| ഒരേക്കർ | |
| നെല്ലില്ല | |
| തപ്പിത്തടഞ്ഞ് | |
| ആണ്ടോടാണ്ട് | |

**പ്രവർത്തനം 3**

മാതൃക അനുസരിച്ചെഴുതുക

മാതൃക: എരിതീ - എരിയുന്ന തീ

പട്ടിണിക്കാലം -

അപരാധബോധം -

നെല്ലുവില -

പ്ലാവില -

**പ്രവർത്തനം 4**

അർത്ഥവ്യത്യാസം കുറിക്കൽ

എത്ര കോടി ഉദരങ്ങൾ, ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു.

ഓണത്തിന് കോടി ധരിക്കുക കേരളീയരുടെ ശീലമാണ്.

അടിവരയിട്ടിരിക്കുന്ന പദത്തിന്റെ അർത്ഥവ്യത്യാസം കുറിക്കുക.

**പ്രവർത്തനം 5**

രണ്ടു വാക്യങ്ങളാക്കി മാറ്റി എഴുതുക

കൈനകരി മുഴുവൻ രാത്രിയിൽ ഊന്നിനടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു.

**പ്രവർത്തനം 6**

ഔചിത്യം കണ്ടെത്തൽ

കുട്ടി അമ്മയോട് ചോദിച്ചു: 'ഈ വൃക്ഷങ്ങളൊക്കെ വീഴാതെ നിൽക്കുന്നല്ലോ...'

'അവയ്ക്കു ഭൂമിയിൽ വേരുണ്ട്. അതുകൊണ്ട് ഉറച്ചു നിൽക്കുന്നു.' അമ്മ പറഞ്ഞു.

'അപ്പോൾ നമ്മുടെ വേരുകളോ?'

'അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ'

വേരുകൾ (ഡി.വിനയചന്ദ്രൻ)

'നമ്മുടെ വേരുകളും അമ്മയായ ഭൂമിയിൽ തന്നെ' എന്ന പ്രയോഗത്തിന്റെ ഔചിത്യം കണ്ടെത്തുക.

**സൂചനകൾ**

- മനുഷ്യനെ ഭൂമിയിൽ ഉറപ്പിച്ചു നിർത്തുന്ന വേരുകളാണ് ബന്ധങ്ങൾ

- ആ വേരുകളാണ് അവന്റെ നിലനില്പിനാധാരം
- ഭൂമി അമ്മയാണ്
- പരസ്പരസ്നേഹത്തോടെ, സഹവർത്തിത്വത്തോടെ മനുഷ്യൻ ഭൂമിയിൽ ജീവിക്കണം

**പ്രവർത്തനം 7**

കുറിപ്പ് തയ്യാറാക്കൽ

തകഴിയുടെ 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്ത് ഇല്ലായ്മകളെ സ്നേഹംകൊണ്ട് മറികടക്കുന്ന കഥാപാത്രങ്ങളെ നമുക്ക് കാണാം.

- 'ഏന് മേണ്ട'

  'എന്നാല് ഏനും കുടിക്കത്തില്ല'

  'ഏന് മയറ്റില് ഒരു കമ്പിതമെടീ'

- 'മൂഴക്കരിയിട്ട് തെളപ്പിച്ചു, ഏനാ അത് കുടിച്ചത്. അവളു കുടിച്ചില്ല, ഏന് കോരിക്കോരിത്തന്നു', ചിരുത കൃതകൃത്യയായി

  'അച്ഛൻ ചുമ്മാ പറയുവാ ഏനും കുടിച്ചു'

സന്ദർഭങ്ങൾ പരിഗണിച്ച് സ്നേഹബന്ധങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.


**സൂചനകൾ**

- സ്വന്തം വിശപ്പ് മറച്ചുവച്ച് മറ്റുള്ളവരെ ഊട്ടാനുള്ള മനോഭാവം.
- ഒരു നേരത്തെ ഭക്ഷണം പോലും കഴിക്കാനില്ല.
- പരസ്പരസ്നേഹത്താൽ ഇല്ലായ്മകളെ അതിജീവിക്കുന്നവർ.
- തൊഴിലാളികളുടെ സ്നേഹവും ത്യാഗവും.

**പ്രവർത്തനം 8**

പ്രതികരണക്കുറിപ്പ് തയ്യാറാക്കൽ

കുട്ടനാട്ടിലെ കർഷകത്തൊഴിലാളി അനുഭവിച്ചിരുന്ന ചൂഷണത്തിന്റെ നേർചിത്രമാണ് തകഴിയുടെ രണ്ടിടങ്ങഴി എന്ന നോവൽ.




നിങ്ങൾ കൂട്ടിച്ചേർത്ത ആശയങ്ങൾ കൂടി പരിഗണിച്ച് ആ കാലഘട്ടത്തിലെ സാമൂഹികാവസ്ഥയെക്കുറിച്ച് പ്രതികരണക്കുറിപ്പ് തയാറാക്കുക

**പ്രവർത്തനം 9**

കഥാപാത്ര നിരൂപണം തയ്യാറാക്കൽ

- 'രാത്രിയിൽ നടക്കുന്ന രഹസ്യവ്യാപാരം പരസ്യപ്പെടുത്തിയാലോ?'
- 'തമ്പ്രാ ഏന് നെല്ല് കൂലി മതി. ചക്രം മേണ്ട'
- 'എടീ കള്ളീ നീയത് ഒളിച്ച് മച്ചിരുന്നോ'
- 'അച്ഛന് ഒരു നേരമെങ്കിലും വയറു നെറച്ച് ചോറു കൊടുക്കണം'

കോരന്റെ സ്വഭാവ സവിശേഷതകളിലേക്ക് നയിക്കുന്ന ചില സൂചനകളാണിത്. പാഠഭാഗത്തെ മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.

**സൂചനകൾ**

- കഠിനാധ്വാനിയായ കർഷകത്തൊഴിലാളി.
- സ്നേഹിക്കാനുള്ള മനസ്സ്
- ജന്മിത്തത്തോടുള്ള പ്രതിഷേധം
- പിതാവിനോടുള്ള സ്നേഹം
- സംഘബോധം

കഥയിലെ മറ്റു കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ കൂടി കണ്ടെത്തുമല്ലോ.

- ചിരുത
- കോരന്റെ അച്ഛൻ



# അടിസ്ഥാനപാഠാവലി

## 2. ഓരോ വിളിയും കാത്ത്



കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹത്തിന്റെ ആഴം വ്യക്തമാക്കുന്ന കഥയാണ് യു കെ കുമാരന്റെ ഓരോ വിളിയും കാത്ത്. അച്ഛന്റെ മരണത്തോടെ വീട്ടിൽ ഒറ്റയ്ക്കായ അമ്മയെ നഗരത്തിലുള്ള തന്റെ ജോലിസ്ഥലത്ത് കൂട്ടിക്കൊണ്ടു പോകാൻ മകൻ ശ്രമിക്കുന്നു. അച്ഛന്റെ സാന്നിധ്യം നിറഞ്ഞുനിന്ന വീടു വിട്ടുപോകാൻ അമ്മയ്ക്ക് കഴിയുന്നില്ല. കിടപ്പിലായിരുന്നപ്പോൾപ്പോലും വീട്ടുകാര്യങ്ങൾ ശ്രദ്ധിച്ചിരുന്ന അച്ഛനും അച്ഛന്റെ വിളികൾക്കു പിന്നാലെ ഓടിനടന്ന അമ്മയും കുടുംബ ബന്ധത്തിന്റെ ഇഴയടുപ്പം വർദ്ധിപ്പിക്കുന്നു.

**പ്രവർത്തനം 1**

ശരിയായ ഉത്തരം എടുത്തെഴുതുക.

1. 'വെയിലിന്റെ വേലിയേറ്റം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്

   വെയിൽ കൂടുന്നത്

   അതിരുകടന്ന് വെയിൽ വരുന്നത്

   വെയിലത്ത് നിൽക്കുന്നത്

2. 'മൗനത്തിലേക്ക് ഇറങ്ങിപ്പോകുന്നു' എന്ന പ്രയോഗത്തിന്റെ അർത്ഥം

   സംസാരശേഷി നഷ്ടപ്പെടുന്നു.

   ഒറ്റക്കിരിക്കാൻ താല്പര്യപ്പെടുന്നു.

   സംസാരിക്കാതിരിക്കുന്നു.

3 നിർബന്ധിച്ച് അമ്മയെ ഒരിക്കലും നഗരത്തിലേക്കു വിളിക്കരുതെന്ന് മകൻ ചിന്തിച്ചതെന്തു കൊണ്ട്?

   അമ്മയോടുള്ള താല്പര്യക്കുറവ്

   നഗരത്തിലെ വീട്ടിൽ മതിയായ സൗകര്യങ്ങൾ ഇല്ലാത്തത്.

   അമ്മയുടെ മനസ്സിൽ വിഷമം തോന്നരുതെന്ന ചിന്ത

**പ്രവർത്തനം 2**

പട്ടിക പൂർത്തിയാക്കുക

പട്ടിക 1

| | |
|---|---|
| കരിയില | കരി + ഇല |
| കന്നിപ്പാടം | |
| വളരെക്കാലം | |
| ചിറകടിയൊച്ച | |
| കിളപ്പണി | |
| തിമിരച്ചാർത്ത് | |
| | നിരാശ + ബോധം |
| അന്നേരം | |

പട്ടിക 2

| | |
|---|---|
| മരക്കൊമ്പ് | മരത്തിന്റെ കൊമ്പ് |
| കാൽമുട്ട് | |
| | നാക്കിന്റെ ആകൃതിയുള്ള ഇല |
| | വിഷാദത്തിന്റെ സ്വരം |
| ചിറകടിയൊച്ച | |
| അപരാധബോധം | |
| അപ്രതീക്ഷിതം | |
| ദാഹജലം | |

**പ്രവർത്തനം 3**

അതുവഴി വന്ന പൈക്കച്ചവടക്കാരൻ ചോദിച്ചു: മൂപ്പരെങ്ങോട്ടു പോയി.

ചോദ്യത്തിനു മറുപടിയായി പറഞ്ഞു: മൂപ്പരു പോയി.

അടിവരയിട്ട പദത്തിന്റെ അർത്ഥ വ്യത്യാസം കണ്ടെത്തി എഴുതുക

**പ്രവർത്തനം 4**

കഥയിലെ ചില പ്രയോഗങ്ങളും അവയുടെ ആശയവും രണ്ട് പട്ടികകളായി നൽകിയിരിക്കുന്നു. പട്ടിക ഒന്നിനനുസരിച്ച് ക്രമീകരിച്ച് എഴുതുക?

**പട്ടിക 1**

- കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു
- മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടി
- ഏകാന്തതയുടെ തുരുത്തുകൾ അമ്മയ്ക്ക് ഒരിക്കലും വിശ്രാന്തിയുടെ ഇടവേളയാകാറില്ല
- വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് അമ്മ വഴുതി വീണതുപോലെ

**പട്ടിക 2**

- കണ്ണാടി പ്രതിഫലിപ്പിക്കുന്നത് യഥാർത്ഥ കാഴ്ചകൾ മാത്രമാണ്. ക്ലാവുപിടിച്ച കണ്ണാടിയിൽ കാണുന്നത് അവ്യക്തമായ കാഴ്ചകളായിരിക്കും. പക്ഷേ അവ യഥാർത്ഥമാണ്.
- ഉത്തരവാദിത്തങ്ങൾ സ്വയം നിർവഹിക്കാനുള്ള ശേഷി നഷ്ടപ്പെട്ടതുപോലെ തോന്നി.
- കാറ്റിന്റെ വരവും പോക്കും മുൻകൂട്ടി അറിയാൻ കഴിയില്ല.മരണവും ഇതുപോലെയാണ്.

- അച്ഛനോടൊപ്പമുള്ള ജീവിതം തിരക്കിട്ടതായിരുന്നു.ആ ജീവിതം അമ്മ ആസ്വദിച്ചിരുന്നു.

**പ്രവർത്തനം 5**

അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്നു വീട്. ഇപ്പോൾ ഇതൊരു വീടല്ല.നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽപ്പോലും ഇതൊരു വീടാവുന്നില്ല.വീടിന്റെ അപൂർണത അമ്മയ്ക്ക് ഒരിക്കലും സാന്ത്വനമാവുകയില്ല.

വീടിനെക്കുറിച്ചുള്ള എന്തെല്ലാം കാഴ്ചപ്പാടുകളാണ് കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇവയുടെ സമകാലികപ്രസക്തി വിലയിരുത്തുക

**സൂചനകൾ**




ഇന്നത്തെ അവസ്ഥ




**പ്രവർത്തനം 6**

സ്വഭാവ നിരൂപണം തയ്യാറാക്കൽ

കിടപ്പിലായിരുന്നപ്പോൾപോലും,വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു.

മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു

ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല. ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്.

കഥയിൽനിന്നും അച്ഛന്റെ പ്രത്യേകതകൾ കണ്ടെത്തി സ്വഭാവനിരൂപണം തയാറാക്കുക

**സൂചനകൾ**

- വീട്ടുകാര്യങ്ങളിലുള്ള ശ്രദ്ധ.
- കിടപ്പിലായപ്പോഴും വീട്ടിലെ സജീവസാന്നിദ്ധ്യം.
- കുടുംബത്തിലെ പ്രധാനി.
- ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നു.
- അമ്മയുടെ മനസ്സ് മനസ്സിലാക്കുന്നു.
- അമ്മയ്ക്ക് തന്റെ വിഷമം പ്രകടിപ്പിക്കാൻ അവസരം നൽകുന്നു.
- കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ മനസ്സിൽ സ്ഥാനമുണ്ട്.

**പ്രവർത്തനം 7**

'ഓരോ വിളിയും കാത്ത്' എന്ന ശീർഷകത്തിൽ 'വിളി' എന്ന പദത്തിന് നൽകിയിരിക്കുന്ന സവിശേഷമായ അർത്ഥസാധ്യതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക .

| | |
|---|---|
| 'എനീപ്പം എന്നെക്കൊണ്ട് ഒന്നും വയ്യാന്ന് നെനക്ക് തോന്നി, അല്ലേ?' | → അച്ഛന്റെ 'വിളി' |
| 'ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ' | → മകന്റെ 'വിളി' |
| 'ഇപ്പോഴുംഎടേക്കൂടെപോണ ചെലർവിവരറിയാതെ ചോദിക്കും മൂപ്പരെങ്ങോട്ടു പോയി?' | → നാട്ടുകാരുടെ വിളി |
| 'ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ.' | → അച്ഛന്റെ 'വിളി' |
| 'ഞാൻ കൂടി പോയാല് വീടും പറമ്പുമൊക്കെ ആരാ നോക്കാ?' | → പറമ്പിന്റെ 'വിളി' |

എല്ലാ വിളികളും അമ്മയുടെ നേർക്കാണ്

എല്ലാ വിളികളിലും സ്നേഹം പ്രകടമാണ്

എല്ലാ വിളികളും അമ്മയെ സജീവമാക്കുന്നു

എല്ലാവരും അമ്മയുടെ സാന്നിദ്ധ്യം ആഗ്രഹിക്കുന്നു

**പ്രവർത്തനം 8**

വിശകലനക്കുറിപ്പ് തയ്യാറാക്കൽ

- 'അച്ഛൻ വിളിച്ചില്ലെങ്കിൽ പോലും വെറുതെ ഒരു ശബ്ദം കേട്ടാൽ മതി, അതിനു മറുവിളി കൊടുക്കുക എന്നുള്ളതും അമ്മയുടെ ഒരു ശീലമായി മാറിയിരിക്കുന്നു.'
- 'എനീപ്പം എന്നെക്കൊണ്ട് ഒന്നും വയ്യാന്ന് നെനക്ക് തോന്നി, അല്ലേ ആയിക്കോ, ആയിക്കോ, ഇതൊക്കെ ഉണ്ടാക്കിത്തരാൻ എനിക്ക് കയ്യ്ഞ്ഞല്ലോ. അതോർത്താ മതി.'
- 'ഇവിടെ അമ്മയെ തനിച്ചാക്കിയിട്ട് ഞാനെങ്ങന്യാ പോവ്വാ.'
- 'ഞാൻ പറയും പോയീന്ന് പോയില്ലാന്ന് എനിക്കല്ലേ അറിയൂ.'
- 'ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു വിളിക്കുമ്പം ഞാനിവിടെ ഇല്യാന്നു വച്ചാൽ.......'

ആത്മബന്ധത്തിന്റെ തീവ്രതയാണ് 'ഓരോ വിളിയും കാത്ത്' എന്ന കഥയിൽ കാണുന്നത്

കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക

**സൂചനകൾ**

**അച്ഛനും അമ്മയും തമ്മിലുള്ള ബന്ധം**

- വിഷമങ്ങൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു
- സാന്നിദ്ധ്യം ആഗ്രഹിക്കുന്നു
- മരണത്തിനുപോലും അവരുടെ ബന്ധം വേർപെടുത്താൻ കഴിഞ്ഞില്ല

**അച്ഛനും കൃഷിയും തമ്മിലുള്ള ബന്ധം**

- കിടപ്പിലായിരുന്നപ്പോൾ പോലും, വിളകൾ പാകമാകുന്നതു സംബന്ധിച്ച ധാരണ ഉണ്ടായിരുന്നു.

**അമ്മയും മകനും തമ്മിലുള്ള ബന്ധം**

- അമ്മയുടെ ഏകാന്തതയെക്കുറിച്ചുള്ള ദുഃഖം
- കൂടെ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നത്

**സമൂഹവുമായുള്ള ബന്ധം**

- കണാരൻ, പൈക്കച്ചവടക്കാരൻ എന്നിവരുമായുള്ള ബന്ധം



# അടിസ്ഥാനപാഠാവലി

## 3. അമ്മത്തൊട്ടിൽ



റഫീക്ക് അഹമ്മദിന്റെ ഭാവസാന്ദ്രമായ കവിതയാണ് അമ്മത്തൊട്ടിൽ. വൃദ്ധയായ അമ്മയെ മകൻ ഉപേക്ഷിക്കാൻ ശ്രമിക്കുന്നതും അയാൾക്ക് അതിന് സാധിക്കാത്തതും കവിതയിൽ ആവിഷ്കരിക്കുന്നു. അമ്മ, മകൻ, ഭാര്യ എന്നിവർ പ്രധാന കഥാപാത്രങ്ങൾ

**പ്രവർത്തനം 1**

മാതൃകയനുസരിച്ചെഴുതുക

| | |
|---|---|
| നേരെ + ഇരുത്തീട്ട് | നേരെയിരുത്തീട്ട് |

| | |
|---|---|
| എന്തിന് + എന്നും | |
| മങ്ങി + പഴകിയ | |
| ഏറെ + പണിപ്പെട്ട് | |
| താഴത്ത് + അവ | |
| ചാടി + കുതിക്കുന്നു | |
| ജില്ല + ആശുപത്രിക്ക് + അരികിൽ | |
| പുറത്തേക്ക്+ അശാന്തനായ് + ഈശ്വരൻ | |
| പീള +അടിഞ്ഞ് | |
| എങ്ങ് + ഇനി | |

| | |
|---|---|
| പിൻസീറ്റ് | പിന്നിലെ സീറ്റ് |

| | |
|---|---|
| സൂചിപ്രയോഗം | |
| പിഞ്ഞാണവർണ്ണം | |
| തെരുവുപട്ടി | |

**പ്രവർത്തനം 2**

● പ്രഭാഷണം തയ്യാറാക്കുക

> 'നമ്മൾ എഴുപതുകൊല്ലം ഇവിടെ ജീവിച്ചവരാ. എന്തൊക്കെ കണ്ടു!കേട്ടു!അനുഭവിച്ചു! സ്വാതന്ത്ര്യസമരത്തിന് സാക്ഷ്യം വഹിച്ചു. ചരിത്രം ജീവനോടെയുള്ളത് നമ്മടെ തലച്ചോറിലാണ്. ആർക്കെങ്കിലും അത്യാവശ്യമുണ്ടോ? നമ്മോട് സംസാരിക്കാൻ തന്നെ അവർക്ക് അറപ്പല്ലേ.'
>
> എഴുപതുകാരുടെ യോഗം
> (അശോകൻ ചരുവിൽ)

> 'എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി
> കെട്ടു കരിന്തിരിയാളും വരെയവർ
> ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള
> ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ?'
>
> അമ്മത്തൊട്ടിൽ

അശോകൻ ചരുവിലിന്റെ 'എഴുപതുകാരുടെ യോഗം' എന്ന കഥയിലെ ഒരു ഭാഗം വായിച്ചല്ലോ അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്ന മകനെ 'അമ്മത്തൊട്ടി'ലിൽ കാണാം. കഥയിലേയും കവിതയിലേയും ആശയങ്ങൾ പരിഗണിച്ച് 'വൃദ്ധജനങ്ങളോടുള്ള പുതുതലമുറയുടെ സമീപനം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

● പ്രഭാഷണം തയ്യാറാക്കുമ്പോൾ
- ❖ സംബോധന
- ❖ ആമുഖം
- ❖ വിഷയാവതരണം
- ❖ പ്രതിപാദനരീതി
- ❖ ആശയക്രമീകരണം
- ❖ സ്വന്തം നിരീക്ഷണം
- ❖ ഉപസംഹാരം

**പ്രവർത്തനം 3**

അമ്മത്തൊട്ടിൽ എന്ന കവിതയിൽ അമ്മയുടെ വാർധക്യത്തെ സൂചിപ്പിക്കുന്ന ചില പ്രയോഗങ്ങൾ ചുവടെച്ചേർക്കുന്നു.



- കൈച്ചുള്ളികൾ
- മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണം
- പാടയും പീളയും മൂടിയ കണ്ണുകൾ
- ഏറെ പണിപ്പെട്ടടച്ചു തുറക്കൽ

'കൈച്ചുള്ളികൾ','മങ്ങിപ്പഴകിയ പിഞ്ഞാണവർണമായി' എന്നീ പ്രയോഗങ്ങൾ വാർധക്യത്തെ സൂചിപ്പിക്കുവാൻ എത്രമാത്രം ഉചിതമാണ്? വ്യക്തമാക്കുക.

**പ്രവർത്തനം 4**

വിശകലനക്കുറിപ്പ്.

'പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ

രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു.'

ഈ വരികൾ കവിതയ്ക്ക് നല്കുന്ന സവിശേഷാർഥം കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പെഴുതുക.

**സൂചന**

- പ്രസവിച്ചു കിടക്കുന്ന പട്ടിക്ക് ഉശിര് കൂടും.
- കുഞ്ഞിനെ സംരക്ഷിക്കാനുള്ള വ്യഗ്രത
- മനഃസാക്ഷി നഷ്ടപ്പെട്ട മനുഷ്യരെ ആ തെരുവുപട്ടിയുടെ ഊറ്റം പലതും ഓർമിപ്പിക്കുന്നു.
- പ്രകൃതിയും മിണ്ടാപ്രാണിയും പരിഷ്കൃതരായ മനുഷ്യന് നൽകുന്ന പാഠങ്ങൾ..

**പ്രവർത്തനം 5**

വിശകലനക്കുറിപ്പ്.

പണ്ട് പനിച്ചു കിടന്ന കാലത്ത് തനിക്ക് ലഭിച്ച സൂചിപ്രയോഗത്തിന്റെ ഓർമ്മ, മകന്റെ ഇന്നത്തെ മാനസികാവസ്ഥയ്ക്കെതിരെയുള്ള ഔഷധപ്രയോഗമായി മാറുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ**

- മാതൃസ്നേഹം വ്യക്തമാകുന്ന സന്ദർഭം
- അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുമ്പോൾ ആ ഓർമ്മ തീവ്രവേദനയാകുന്നു.
- അന്ന് മകന് ശരീരത്തിനായിരുന്നു അസുഖം; ഇന്ന് മനസ്സിനും
- പ്രയോഗഭംഗി

**പ്രവർത്തനം 6**

ആസ്വാദനക്കുറിപ്പ്

'എങ്ങിന കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി

കെട്ടു കരിന്തിരിയാളും വരെയവർ

ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള

ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ?'

'മനുഷ്യത്വരഹിതമായ മനോഭാവങ്ങളോടുള്ള അതിശക്തമായ പ്രതികരണമാണ് അമ്മത്തൊട്ടിൽ' ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് എഴുതുക.

**സൂചനകൾ**

- അമ്മയെ ഉപേക്ഷിക്കാനുള്ള മകന്റെ ശ്രമവും അതിനെ തടയുന്ന ഓർമ്മകളും.
- സ്നേഹപരിചരണങ്ങൾ ലഭിക്കേണ്ട വാർദ്ധക്യം ക്ഷേത്രങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിൽ എത്തിപ്പെടുന്നു.
- മൃഗങ്ങൾ മാത്രമല്ല; ഈശ്വരൻ പോലും മനുഷ്യന്റെ പ്രവൃത്തിയിൽ അശാന്തനാണ്.

**വിലയിരുത്തൽ സൂചകങ്ങൾ**

- ആമുഖം
- കവിതയിലെ പ്രമേയം
- ആശയ സമഗ്രത
- പദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ സവിശേഷതകൾ
- മനസ്സിൽ തട്ടിയ സന്ദർഭങ്ങൾ
- ആകർഷകമായ ഭാഷ

**പ്രവർത്തനം 7**

ഔചിത്യം കണ്ടെത്തി എഴുതുക.

'ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ)'

ഈ പ്രയോഗത്തിന്റെ ഔചിത്യം കണ്ടെത്തി എഴുതുക.

**സൂചനകൾ**

- മാൾ, പെരുമാൾ വ്യാഖ്യാനം
- ചോദിക്കുന്നതെന്തും നൽകുന്ന ദൈവത്തെപ്പോലെയാണ് പെരുംമാളുകൾ
- ഉപഭോഗസംസ്കാരത്തിൽ ഉപയോഗിച്ചശേഷം ഉപേക്ഷിക്കുന്നു (കവിതയിൽ അമ്മയെ)
- സ്വാഭിപ്രായം



യൂണിറ്റ് 2

# അടിസ്ഥാനപാഠാവലി

## നിലാവ് പെയ്യുന്ന നാട്ടുവഴികൾ

## 1. കൊച്ചുചക്കരച്ചി



*എ.പി.ഉദയഭാനുവിന്റെ ലളിതോപന്യാസം. അദ്ദേഹത്തിന്റെ തറവാടിനോട് ചേർന്നുനിന്നിരുന്ന കൊച്ചുചക്കരച്ചി എന്ന നാട്ടുമാവിനെക്കുറിച്ചുള്ള ഓർമകളും അതിന്റെ സവിശേഷതകളുമാണ് പ്രമേയം. പ്രകൃതിയും മനുഷ്യനുമായുള്ള ആത്മബന്ധം പാഠഭാഗത്ത് വ്യക്തമാണ്. അമ്മ, ലേഖകൻ, മാവുകൾ പ്രധാന കഥാപാത്രങ്ങൾ*

**പ്രവർത്തനം 1**

ആസ്വദിക്കാൻ കഴിയുന്നത് എന്ന് അർത്ഥമുള്ള പദം

- ആസ്വാദ്യം
- ആസ്വാദനം
- ആസ്വദിക്കൽ

മാവ് വീണാലും ആപത്ത് വരുത്തുകയില്ലെന്ന വിശ്വാസത്തിന് അടിസ്ഥാനം

- മാവിന് സമീപം വിലപിടിപ്പുള്ളതൊന്നും ഇല്ലാത്തത്
- മനുഷ്യന് മാവിനോടുള്ള ആത്മബന്ധം
- മാവിനുചുറ്റും ധാരാളം വൃക്ഷങ്ങൾ ഉള്ളത്

**പ്രവർത്തനം 2**

പട്ടിക പൂർത്തിയാക്കൽ

പട്ടിക 1

| | |
|---|---|
| അധീശ്വരി | അധി +ഈശ്വരി |
| രണ്ടെണ്ണം | |
| കവിതാങ്കണം | |
| നെൽപ്പുര | |
| ഈഷന്മാത്രം | ഈഷദ് +മാത്രം |
| കാണാതിരുന്ന | |
| ചക്കക്കുരു | |

പട്ടിക 2

| വൃക്ഷലതാദികൾ | വൃക്ഷം ലത ആദിയായവ |
|---|---|
| ഗ്രാമീണാന്തരീക്ഷം | |
| ഉണ്ണിമാങ്ങ | |
| ഔഷധമൂല്യം | |
| മാങ്ങാനീര് | |
| ഹോമധൂപം | |
| കാലയവനിക | |
| ശാഖോപശാഖകൾ | |
| ഇടിമിന്നൽ | |
| രോഗഹേതു | |
| പ്രേരകശക്തി | |
| വൃദ്ധമുത്തശ്ശി | |
| മന്ത്രതന്ത്രങ്ങൾ | |

**പ്രവർത്തനം 3**

അഭംഗി പരിഹരിച്ചെഴുതുക

എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്നു മധുരം തിന്നുകയും വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം മറഞ്ഞിരിക്കുന്നു.

**ഉത്തരമാതൃക**

എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്നു മധുരം തിന്ന് വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം മറഞ്ഞിരിക്കുന്നു.

**പ്രവർത്തനം 4**

വിശകലനക്കുറിപ്പ് തയ്യാറാക്കൽ

എത്രയോ തലമുറകൾ ആ **വൃദ്ധമുത്തശ്ശി**യുടെ കാൽച്ചുവട്ടിലിരുന്നു മധുരം തിന്നു വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം മറഞ്ഞിരിക്കുന്നു.

<u>വൃദ്ധമുത്തശ്ശിയെന്ന</u> പ്രയോഗത്തിന്റെ ഔചിത്യം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക

**സൂചനകൾ**

- പല തലമുറകൾക്കൊപ്പം ജീവിച്ചു
- മുത്തശ്ശിമാരുടെ സ്നേഹവും വാത്സല്യവും കരുതലും മാവ് പ്രകടിപ്പിക്കുന്നു.
- മുത്തശ്ശിമാരോടും മാവിനോടും കുട്ടികൾക്കുള്ള അടുപ്പം.
- പ്രായത്തിനനുസരിച്ച് മാവിന് ഉണ്ടായ മാറ്റം.

**പ്രവർത്തനം 5**

മാവു തളിരിടുമ്പോൾ മുതൽ നാട്ടിൻപുറത്ത് ഉത്സവമാണ്. ലേഖകന്റെ ഈ അഭിപ്രായം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**സൂചനകൾ**

| | |
|---|---|
| ● മാവിൻചുവട്ടിൽ കുട്ടികൾ ഒത്തുചേരുന്നു. സൗഹൃദങ്ങൾ ഉണ്ടാക്കുന്നു.<br>● മാമ്പൂവ്, തളിര് എന്നിവ നാട്ടിൻപുറത്തിന് അലങ്കാരമാണ്.<br>● പല പരുവത്തിലും രുചിയിലുമുള്ള മാങ്ങ ലഭിക്കുന്നു | ● ഉത്സവത്തിന് ആളുകൾ ഒത്തുചേരും. പുതിയ സൗഹൃദ ങ്ങൾ രൂപപ്പെടും. പഴയവ പുതുക്ക പ്പെടും.<br>● ഉത്സവസ്ഥലം അലങ്കരിക്കാറുണ്ട്.<br>● ഉത്സവസ്ഥലങ്ങളിൽ പലതരം ഭക്ഷ്യസാധനങ്ങൾ ലഭ്യമാണ്.<br>● ഉത്സവം സന്തോഷത്തിന്റെ കാലം |

**പ്രവർത്തനം 6**

കുറിപ്പ് തയ്യാറാക്കൽ

"കർക്കടകമാസത്തിലെ കറുത്തവാവിൻനാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെക്കൊണ്ട് നക്ഷത്രനിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തെയും വേദനയെയും ഉൽക്കടമാക്കിത്തീർത്തു."

ഇത്തരത്തിൽ നിരവധി വാക്യങ്ങൾ കൊച്ചുചക്കരച്ചിയിലുണ്ട്.

ഉപന്യാസത്തിലെ ഭാഷാശൈലിയുടെ പ്രത്യേകതകൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക

**സൂചന**

- കാവ്യാത്മകമായ ശൈലി
- അനുഭവസുഖം പകരുന്ന വർണന.
- ഗ്രാമീണപദങ്ങളുടെ ഉപയോഗം.
- നാട്ടറിവുകളുടെ ശേഖരം.

**പ്രവർത്തനം 7**

വിലയിരുത്തൽക്കുറിപ്പ് തയ്യാറാക്കൽ

തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽക്കൂടെ വിരലോടിച്ച് പോവുകമാത്രം ചെയ്തു;തള്ളിയിട്ടില്ല.

'കൊച്ചുചക്കരച്ചി'യിൽ മാവുകൾക്ക് മാനുഷികഭാവങ്ങൾ കൽപ്പിച്ചിട്ടുണ്ട്.

ഈ അഭിപ്രായം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ**

- മാവുകൾക്ക് പ്രത്യേകം പേര് നൽകുന്നു.
- മാവിനോട് ഇണക്കവും പിണക്കവും കാണിച്ച് മാങ്ങ വീഴ്ത്തുന്നു.
- മാവിന്റെ യൗവനം, വാർദ്ധക്യം മുതലായവ അവതരിപ്പിക്കുന്നു.
- കുടുംബാംഗങ്ങളുമായുള്ള ബന്ധം പറയുന്നു.
- വിൽക്കാനോ വെട്ടിവീഴ്ത്താനോ തയാറാവുന്നില്ല.
- രോഗാവസ്ഥയിലായ ഒരു മുതിർന്ന അംഗത്തോട് കാട്ടുന്ന സ്നേഹവും ആദരവും കൊച്ചുചക്കരച്ചിയോട് കാട്ടുന്നു.




# 2. ഓണമുറ്റത്ത്



വൈലോപ്പിള്ളി ശ്രീധരമേനോന്റെ വിട എന്ന കാവ്യസമാഹാരത്തിലെ കവിതയാണ് ഓണമുറ്റത്ത്. ഓണം മലനാടിനെ എങ്ങനെയെല്ലാം അണിയിച്ചൊരുക്കുന്നു എന്നും പ്രകൃതിയോടു ചേർന്ന് മാനവർ മഹാബലിയെ എങ്ങനെ വരവേൽക്കുന്നു എന്നും കവി വർണിക്കുന്നു. കവി തന്നെ സ്വയം ഒരു പുള്ളുവനാകുന്നു. നഗരസംസ്കാരത്തിന്റെ കടന്നുകയറ്റത്തിൽ നഷ്ടപ്പെട്ടുപോകുന്ന നാട്ടുനന്മകളെ കവി വിളിച്ചുണർത്തുന്നു. ഓണക്കാല വർണനകൾക്കപ്പുറം നമ്മുടെ സംസ്കാരത്തിന്റെ മധുരോദാരവും പാവനവുമായ സങ്കൽപങ്ങളുടെ ആവിഷ്കാരം കൂടിയാണ് ഈ കവിത

1. നല്ലതിഥി നമുക്കിനിയാരിതുപോലെ?

   ഇവിടെ പരാമർശിക്കുന്ന അതിഥി ആര്?

   (ഓണത്തപ്പൻ)

2. മാതൃകപോലെ എഴുതുക.

   വീണപ്പെണ്ണ് - വീണയാകുന്ന പെണ്ണ്

   വെള്ളിത്താലം -

   മലയാളത്തറവാട്-

   (വെള്ളികൊണ്ടുള്ള താലം,മലയാളത്തിന്റെ തറവാട്)

3. ഔചിത്യം കണ്ടെത്തൽ

   നീളും മലയുടെ ചങ്ങലവട്ടയിൽ
   നാളം പാടല വിരലാൽ നീട്ടിയു-
   മോമൽക്കവിളു തുടുത്തും തെല്ലൊരു
   നാണത്തോടു പരുങ്ങിയൊരുങ്ങിടു
   മോണക്കോടിയുടുത്തൊരുഷസ്സേ

   ഇവിടെ ഉഷസ്സിനെ കവി ഒരു പെൺകൊടിയായി കല്പിച്ചിരിക്കുന്നതിന്റെ ഔചിത്യം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക

   സൂചന

   തുടുത്ത കവിളുകൾ

   നാണത്താലുള്ള പരുങ്ങൽ

   ഓണക്കോടി ഉടുത്ത് ഒരുങ്ങൽ

4. പട്ടിക പൂരിപ്പിക്കൽ

(രാത്രി, തുമ്പകൾ, ഉഷസ്സ്, മുക്കുറ്റി, അലകടൽ, നെയ്യാമ്പലുകൾ, കൊച്ചരുവികൾ)

| | |
|---|---|
| മലരിൻ കൂട നിറച്ചു നിന്നു | തുമ്പകൾ |
| ദീപക്കുറ്റികൾ നാട്ടിയിരുന്നു | ............................................ |
| വെള്ളിത്താലമെടുത്ത് നിന്നു | ............................................ |
| കമുകിൻ പൂവരി തൂകി | ............................................ |
| ആർപ്പു വിളിക്കുന്നു. | ............................................ |
| കുരവയിടുന്നു | ............................................ |
| ഓണക്കോടിയുടുത്തു | ............................................ |

5. കവിതകൾ പാടിയിരിക്കും ചാരെ

ഞാനും കൈയിലെ വീണപ്പെണ്ണും

അടിവരയിട്ട പദം നൽകുന്ന രണ്ട് അർഥസൂചനകൾ എഴുതുക

6. ഉപന്യാസം തയ്യാറാക്കൽ

ഒരുമയുടെയും സമഭാവനയുടെയും സന്ദേശം നൽകുന്ന ഓണം മലയാളിയുടെ ദേശീയ ഉത്സവമാണ്. ജാതിമതഭേദചിന്തയില്ലാതെ എല്ലാവരും ആർഭാടപൂർവം ഓണം ആഘോഷിക്കുന്നു. വർത്തമാനകാലത്ത് ഓണത്തിന് എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. താഴെ കൊടുത്തിട്ടുള്ള സൂചനകൾ കൂടി പരിഗണിച്ച് 'ഓണം അന്നും ഇന്നും' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**ഓണം അന്ന്**

- ഓണം കാർഷിക സംസ്കാരത്തിന്റെ അടയാളം
- സമൃദ്ധിയുടെ ഉത്സവം
- ഓണസദ്യയും നാടൻ പൂക്കൾ കൊണ്ടുള്ള പൂക്കളവും
- ഓണക്കോടിയും ഓണക്കളികളും
- സാമ്പത്തിക പിന്നാക്കാവസ്ഥയുള്ള പണ്ടുകാലത്ത് ഓണക്കാലത്തുമാത്രമായിരുന്നു പുതുവസ്ത്രങ്ങൾ
- ഓണക്കളികൾ, തിരുവാതിര, തുമ്പിതുള്ളൽ, നാടൻപന്തുകളി

  വള്ളം കളി എന്നിവയിലെല്ലാം എല്ലാവരുടെയും പങ്കാളിത്തം

**ഓണം ഇന്ന്**

- കാർഷിക സമൃദ്ധി നഷ്ടമായി
- ഭക്ഷ്യധാന്യങ്ങൾക്കും പച്ചക്കറികൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു.
- ഓണവിഭവങ്ങളെല്ലാം പാക്കറ്റുകളിൽ ലഭിക്കുന്നു.
- നാടൻ പൂക്കളുടെ സ്ഥാനം അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവ കൈയടക്കി
- എല്ലാ മേഖലകളിലും ഉപഭോഗസംസ്കാരത്തിന്റെ കടന്നുകയറ്റം
- പുതു വസ്ത്രങ്ങൾ എപ്പോഴും വാങ്ങുന്നു.
- മനുഷ്യനെ വിപണി നിയന്ത്രിക്കുന്നു.
- ഓണക്കളികൾ ചാനൽപരിപാടികൾക്ക് വഴിമാറി.
- കൂട്ടായ്മകൾ ഇല്ലാതായതോടെ ക്ലബ്ബുകളുടെയും മറ്റും ഓണാഘോഷങ്ങൾ ഇല്ലാതായി.




# 3. കോഴിയും കിഴവിയും



കാരൂർ നീലകണ്ഠപ്പിള്ളയുടെ കഥയാണ് 'കോഴിയും കിഴവിയും'. എല്ലാം എന്റേതാകണമെന്ന ലോഭചിന്ത വ്യക്തമാക്കുന്ന കഥ. നാട്ടിൻപുറത്തെ നന്മയുടെ മുഖവും കഥ വ്യക്തമാക്കുന്നു. മർക്കോസ് , മത്തായി, മത്തായിയുടെ അമ്മ, ഏലിച്ചേടത്തി, കുട്ടികൾ പ്രധാന കഥാപാത്രങ്ങൾ.

**പ്രവർത്തനം 1**

- 'ഈ പറമ്പിലിനി വല്ലതുമുണ്ടോ ബാക്കി. എന്തു നട്ടാലും നശിപ്പിക്കുന്ന ഒരു കോഴി'

  ഈ വാക്കുകളിൽ പ്രകടമാകുന്ന വികാരമെന്ത് ?

  (കരുണ, അമർഷം, ഭക്തി)

- അടുത്ത പ്രഭാതത്തിൽ അയൽ വീടുകളിൽ കോഴി കുകിയപ്പോൾ, ചത്ത കോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി, മത്തായി മാർഗ്ഗേണ കുകി : "നോക്കിക്കോ" – കോഴിയെ കറിവച്ചു കഴിച്ചു കഴിഞ്ഞ മത്തായിയുടെ ചിന്തകൾ എന്തായിരുന്നു ?

  അപ്രതീക്ഷിതമായി ശത്രുവിനെതിരെ വീണുകിട്ടിയ ആയുധം , കുട്ടികൾ അറിയരുത്

- 'നിങ്ങളാ കൊതിയമ്മാര്'

  അയൽക്കാർ എന്തിനെയൊക്കെ കൊതിച്ചു എന്നാണ് കുട്ടി സൂചിപ്പിക്കുന്നത്?

  (പേരയ്ക്കയും ഭൂമിയും)

**പ്രവർത്തനം 2**

ലഘു വാക്യങ്ങളാക്കൽ

അടുത്ത ദിവസം സ്കുളിൽ പോകുമ്പോൾ എറിഞ്ഞവൻ വഴിയിൽ കാത്തു നിൽക്കുകയും. ഏറു കൊണ്ടവൻ അതിലേ വരികയും അവളുടെ മുഖം പെട്ടെന്ന് കറുത്തു വീർക്കുകയും ചെയ്തു.

**ഉത്തരം**

അടുത്ത ദിവസം സ്കുളിൽ പോകുമ്പോൾ എറിഞ്ഞവൻ വഴിയിൽ കാത്തു നിന്നു. ഏറു കൊണ്ടവൻ അതിലേ വന്നു. അവളുടെ മുഖം പെട്ടെന്ന് കറുത്തു വീർത്തു.

**പ്രവർത്തനം 3**

അർത്ഥവ്യത്യാസം വരാത്തവിധം പദങ്ങളെ പിരിച്ചെഴുതുക.

| | |
|---|---|
| ഇന്നല്ലെങ്കിൽ | |
| എടുക്കാതെയങ്ങ് | |
| നിസ്സാരം | |
| പനയോല | |
| കോഴിയിറച്ചി | |
| ചീഞ്ഞളിയുന്ന | |
| തട്ടിത്തെറിപ്പിക്കും | |

**പ്രവർത്തനം 4**

പദങ്ങളെ വിഗ്രഹിക്കുക

| | |
|---|---|
| അസഹനീയം | |
| അയൽവീട് | |
| കാപ്പിക്കട | |
| ഉപകാരസ്മരണ | |
| ഗൃഹനായിക | |
| പരോപകാരം | |

**പ്രവർത്തനം 5**

വിലയിരുത്തൽക്കുറിപ്പ് തയ്യാറാക്കൽ

'അയലുതഴപ്പതിനായതി പ്രയത്നം
നയമറിയും നരനാചരിച്ചിടേണം'
ശ്രീനാരായണ ഗുരു

(ദയയുള്ള മനുഷ്യൻ അയൽപക്കം നന്നായിരിക്കാൻ ക്ലേശങ്ങൾ സഹിക്കണം)

മത്തായിയും മർക്കോസും ഗുരുവിന്റെ സങ്കൽപ്പമനുസരിച്ചുള്ള അയൽക്കാരായിരുന്നോ?

ശ്രീനാരായണഗുരുവിന്റെ വരികളിലെ ആശയവും പാഠഭാഗത്തിലെ ആശയവും വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ**

- മർക്കോസിന്റെ അച്ഛനും മത്തായിയുടെ അമ്മയും അയൽക്കാരായിരുന്നപ്പോഴുള്ള സാഹചര്യം.
- മത്തായിയും മർക്കോസും അയൽക്കാരായപ്പോൾ
- മത്തായിയുടെ അമ്മയുടെ ഇപ്പോഴത്തെ നിലപാട്
- കുട്ടികളുടെ സ്നേഹബന്ധം

**പ്രവർത്തനം 6**

വിശകലനക്കുറിപ്പ് തയാറാക്കുക

'ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവ്വതം പൊട്ടാറായി നിൽക്കുകയാണ്. അതു താമസിയാതെ പൊട്ടും. അതിൽ രണ്ടു കുടുംബങ്ങളും തകർന്നെന്നു വരാം.'

അഗ്നിപർവതം പൊട്ടിയിട്ടും കഥ നന്മയിലും പ്രതീക്ഷയിലും അവസാനിക്കുകയാണ് - പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ**

- കോഴിയുണ്ടാക്കിയ പോലീസ് കേസ്
- മത്തായിയുടെ അമ്മയുടെ നന്മ
- കുട്ടികളുടെ സ്നേഹം അടുത്തതലമുറയെക്കുറിച്ചുള്ള പ്രതീക്ഷയാകുന്നു.
- സ്വന്തം അഭിപ്രായം

**പ്രവർത്തനം 7**

ചിലപ്പോൾ അവർ പറയും

'മകനെ മൂടു മറക്കരുത്' ഈ സന്ദർഭം വിശകലനം ചെയ്ത് മത്തായിയുടെ അമ്മയുടെ മനോഭാവം വിശദീകരിക്കുക.

**സൂചകങ്ങൾ**

- പാഠസന്ദർഭം
- പഴഞ്ചൊൽ വ്യാഖ്യാനം
- മത്തായിയുടെ അമ്മയുടെ നന്മ
- സ്വന്തം അഭിപ്രായം

**പ്രവർത്തനം 8**

കഥാപാത്രനിരൂപണം തയ്യാറാക്കുക. - മത്തായിയുടെ അമ്മ.


'എന്റെ മകനേ, ഈ നന്ദി കെട്ടവരുടെ ഇടയീന്ന് കർത്താവെന്നെയങ്ങു വിളിച്ചിരുന്നെങ്കിൽ!'

**സൂചനകൾ**

- കഥയിലെ സ്ഥാനം
- അവരിലെ നന്മ
- അയൽപക്കസ്നേഹം
- എന്നും നന്മയുടെ പക്ഷത്തു നിൽക്കുന്നു
- അവരുടെ ഇടപെടൽ കഥാഗതിയിൽ വരുത്തിയ മാറ്റം
- അനുയോജ്യമായ ഭാഷ / സ്വാഭിപ്രായം




# 4. ശ്രീനാരായണഗുരു



കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ലേഖനമാണ് ശ്രീനാരായണ ഗുരു. മനുഷ്യന്റെ സമഗ്രവികസനമാണ് ഗുരുവിന്റെ ലക്ഷ്യം. ഗുരുവിനെ വിവിധങ്ങളായ രീതിയിൽ നോക്കിക്കാണുന്ന ലേഖനം.

**പ്രവർത്തനം 1**

ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം കണ്ടെത്തിയെഴുതുക.

1. ഭാരതീയ നവോത്ഥാനത്തിന് ഒരിക്കലും ഉപേക്ഷിക്കാനാകാത്ത ഒരു കർമ്മപദ്ധതി എന്ന് ലേഖകൻ അഭിപ്രായപ്പെടുന്നതെന്ത് ?

   (സതി സമ്പ്രദായം , അധഃകൃതവർഗ്ഗോദ്ധാരണം , ഉപ്പുസത്യാഗ്രഹം)

2. ഏകലോകമെന്ന ആശയത്തിന്റെ ഒരു മുദ്രാവാക്യമായി പരിഗണിക്കാവുന്ന ഗുരുസന്ദേശം.

   (ശുചിത്വം അടുക്കളയിൽനിന്നാണ് തുടങ്ങുക, മദ്യം വിഷമാണ്, ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് )

3. ശ്രീനാരായണോപദേശങ്ങളുടെ ഒരു സവിശേഷത?

   (പ്രാദേശികത്വം, സാർവ്വലൗകികത്വം, ദേശീയത)

4. ഭാരതീയവേദാന്തത്തിന്റെ പരമമായ ലക്ഷ്യം.

   (ത്യാഗം, സ്നേഹം. മോക്ഷം)

**പ്രവർത്തനം 2**

രണ്ടുവാക്യത്തിൽ ഉത്തരമെഴുതുക.

അധഃസ്ഥിത സമുദായങ്ങൾക്ക് പൊതുധാരയിലെത്താൻ വേണ്ടത് എന്തൊക്കെയാണെന്നാണ് ഗുരു കരുതുന്നത് ?

- വിദ്യാഭ്യാസം
- ..............
- സംഘടന
- ....................

**പ്രവർത്തനം 3**

മാതൃകയനുസരിച്ച് എഴുതുക

**മാതൃക**

മതത്തിന്റെ പ്രമാണം - മതപ്രമാണം

**ഘടകപദങ്ങൾ**

1. പരമമായ ലക്ഷ്യം
2. സ്വന്തം മോക്ഷം
3. മനോഹരമായ രൂപം
4. ധ്യാനത്തിന്റെ ലക്ഷ്യം
5. വിദ്യാഭ്യാസത്തിനുള്ള സ്ഥാപനം
6. ലളിതമായ ഭാഷ
7. ആശയത്തിന്റെ ആവിഷ്കാരം
8. താല്കാലികമായ ഉപാധി
9. ദേശവും കാലവും

**പ്രവർത്തനം 4**

മാതൃക അനുസരിച്ച് പദങ്ങളെ ചേർത്തെഴുതുക.


**മാതൃക**

പ്രതി + ഏകം - പ്രത്യേകം

| പിരിച്ചെഴുതിയ രൂപം | ചേർത്തെഴുതിയ രൂപം |
|---|---|
| അതി + അന്തം | |
| വിശിഷ്ട + ആശയം | |
| അത് + അനുസരിച്ച് | |
| വിദ്യ + അഭ്യാസം | |
| കൂടെ + കൂടെ | |
| യുഗ + ആചാര്യൻ | |
| സഹസ്ര + അബ്ദം | |
| യുക്തി + അനുഭവം | |
| അതി + ആവശ്യം | |

**പ്രവർത്തനം 5**

ഉപന്യാസം തയ്യാറാക്കൽ




തന്നിട്ടുള്ള ആശയഭൂപടം വിശകലനം ചെയ്ത് 'നവോത്ഥാന നായകനായ ശ്രീനാരായണഗുരു' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**പ്രവർത്തനം 6**

വിശകലനക്കുറിപ്പ് തയ്യാറാക്കൽ

സാമൂഹികപരിഷ്കർത്താവും നവോത്ഥാനനായകനുമായ ശ്രീനാരായണഗുരുവിന്റെ പ്രസിദ്ധങ്ങളായ ചില സന്ദേശങ്ങൾ ചുവടെ നൽകുന്നു.

**സന്ദേശങ്ങൾ**

- മതമേതായാലും കൊള്ളാം , മനുഷ്യൻ നന്നായാൽ മതി
- ഒരു ജാതി , ഒരു മതം , ഒരു ദൈവം മനുഷ്യന്
- മദ്യം വിഷമാണ്, അത് ഉണ്ടാക്കരുത്, കുടിക്കരുത്, കൊടുക്കരുത്

സന്ദേശങ്ങളുടെ സമകാലിക പ്രസക്തി വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക

**വിശകലനക്കുറിപ്പ് സൂചകങ്ങൾ**

- സന്ദേശങ്ങളിലെ ആശയം വിശദമാക്കുക
- സന്ദേശങ്ങളുടെ ഇന്നത്തെ പ്രസക്തി
- സ്വന്തം നിരീക്ഷണം
- ഉചിതമായ ഭാഷ

**പ്രവർത്തനം 7**

വിശകലനക്കുറിപ്പ് തയ്യാറാക്കൽ

1. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്'
2. 'മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി'

ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഇത്തരം സന്ദേശങ്ങളുടെ ഭാഷാപരമായ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**സൂചനകൾ**

- കുറിക്കുകൊള്ളുന്ന സന്ദേശങ്ങൾ
- സൂത്രവാക്യ സദൃശമായവ
- അർത്ഥവിസ്തൃതി
- ലളിതമായ ഭാഷ